"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.അനിൽ ഡി.ആർ -ന്റെ തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റൻറ് തസ്തികയിലെ അന്യത്രസേവനം അവസാനിപ്പിച്ച് ഔദ്യോഗിക ചുമതലകളിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1298/2026/LSGD തീയതി,തിരുവനന്തപുരം, 18-07-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം. 686/2026/LSGD തീയതി 11.03.2026
2. സ.ഉ(സാധാ) നം. 785/2026/HEDN തീയതി 03.07.2026
3. ശ്രീ.അനിൽ ഡി.ആർ, പി എ ടു മേയർ -ന്റെ 04.07.2026 ലെ അപേക്ഷ
4. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 07.07.2026 ലെ 2373343-2026 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റൻറ് ആയി അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.അനിൽ ഡി.ആർ-ന് പരാമർശം (2) പ്രകാരം അക്കൗണ്ട്സ് ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതിനാൽ, അന്യത്ര സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പേഴ്സണൽ അസിസ്റ്റൻറ് ആയി അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനിൽ.ഡി ആർ-ന്റെ അപേക്ഷ പരിഗണിച്ച് ടിയാന്റെ ടി തസ്തികയിലെ അന്യത്രസേവനം അവസാനിപ്പിച്ച് തിരുവനന്തപുരം നഗരസഭയിലെ ചുമതലകളിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ.അനിൽ ഡി.ആർ. ( സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ മുഖാന്തിരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 18-07-2026
13:07:03

സെക്ഷൻ ഓഫീസർ